**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1756

04.12.2018 ൽ മറുപടിയ്ക്ക്

## കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.എസ്. ജയലാൽ :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകളുണ്ടെന്നും ആകെ ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ; | എ) | വാർഡുകളുടെ എണ്ണം - 23<br>ജനസംഖ്യ - 52541 |
| ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ; | ബി) | ഭൂവിസ്തൃതി - 37 ചതുരശ്രകിലോമീറ്റർ |
| സി) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി, ജനസംഖ്യ, വാർഡുകളുടെ എണ്ണം എന്നിവ പരിശോധിച്ച് പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതിയൊരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സി), ഡി) & ഇ) | വാർഡ് വിഭജനം/ പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുക എന്നിവ സംബന്ധിച്ച് 27/11/2014 ലെ സ.ഉ.(സാധാ)നം. 3113/2014/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പരിഗണിക്കുകയാണെങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്ന് കാണുന്നു. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 10/07/2015 തീയതിയിലെ വിധിന്യായ പ്രകാരം (WP(C) 15524/15 തുടങ്ങിയ കേസുകൾ) പഞ്ചായത്ത് വിഭജന നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്.<br>പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി |
| ഡി) | കല്ലുവാതുക്കൽ പഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| ഇ) | പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 28.03.2018 - ലെ സ.ഉ(സാധാ) നം.877/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ച ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ